**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം - ജീവനക്കാര്യം - കോട്ടയ്ക്കൽ നഗരസഭാ സെക്രട്ടറി ശ്രീ.എം.സുഗധകുമാറിനെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ.(സാ.ധാ.)നം.1276/2020/ത.സ്വ.ഭ.വ. തിരുവനന്തപുരം,തീയതി 27/06/2020

പരാമർശം :- കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച 25.06.2020 തീയതിയിലെ സി-2212/2020 നമ്പർ അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ്**

കോട്ടയ്ക്കൽ നഗരസഭാ സെക്രട്ടറി ശ്രീ. എം. സുഗധകുമാറിനെതിരെ ശ്രീ. അൻസാരി കുണ്ടിൽ എന്നവർ സമർപ്പിച്ച പരാതിയിന്മേൽ കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച പരാമർശിത റിപ്പോർട്ടിൽ സെക്രട്ടറിയുടെ വാസസ്ഥലമായ സ്വകാര്യ ഫ്ലാറ്റിൽ നിലവിൽ 2 എയർ കണ്ടീഷണറുകൾ ഉള്ളതിനു പുറമേ മൂന്നാമതായി ഒരു എയർ കണ്ടീഷണർ കണ്ണങ്കണ്ടി ഷോറൂമിൽ നിന്നും 28.03.2020-ൽ നഗരസഭാ സെക്രട്ടറിയുടെ പേരിൽ ടിയാൻ തന്നെ നേരിട്ട് സെലക്റ്റ് ചെയ്ത് വാസസ്ഥലത്ത് സ്ഥാപിച്ചിട്ടുള്ളതാണെന്നും ആയതിന്റെ തുക ശ്രീ. മുജീബ് റഹ്മാൻ എന്ന വ്യക്തിയാണ് നൽകിയതെന്ന് വ്യക്തമായിട്ടുണ്ടെന്നും പരാതിക്കാരൻ സെക്രട്ടറിയുമായും ശ്രീ. ഹക്കുമായും വ്യത്യസ്ത വേളകളിൽ നടത്തിയ മൊബൈൽ സംഭാഷണ ശകലങ്ങൾ തെളിവായി ലഭിച്ചിട്ടുണ്ടെന്നും സെക്രട്ടറിയുടെ സ്വകാര്യ വാസസ്ഥലത്ത് എയർ കണ്ടീഷണർ വാങ്ങി സ്ഥാപിച്ചതിന്റെ വില ടിയാൻ തന്നെ നല്കാതെ മറ്റൊരാളെ കൊണ്ട് നൽകിപ്പിച്ചത് സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടത്തിലെ ഗുരുതരമായ ലംഘനമാണെന്നും പരാമർശിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ കോട്ടയ്ക്കൽ നഗരസഭാ സെക്രട്ടറി ശ്രീ.എം.സുഗധകുമാറിന്റെ ഭാഗത്ത് നിന്നും ഗുരുതരമായ ക്രമക്കേടാണ് ഉണ്ടായിട്ടുള്ളത്. ടിയാനെതിരായ ആരോപണം അതീവ ഗൗരവതരമാണ്.

ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി അന്വേഷണം നടത്തേണ്ടതുണ്ട്. നഗരസഭാ സെക്രട്ടറി ശ്രീ.എം.സുഗധകുമാറിനെ സർവീസിൽ തുടരാൻ അനുവദിച്ചുകൊണ്ട് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നത് അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ, കോട്ടയ്ക്കൽ നഗരസഭാ സെക്രട്ടറി ശ്രീ.എം.സുഗധകുമാറിനെ 1960 - ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10(1)(a) പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ വരുംവിധം സർവീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. സസ്പെൻഷൻ കാലയളവിൽ ശ്രീ.എം.സുഗധകുമാറിന് കേരളാ സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 55 പ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

3. കോട്ടയ്ക്കൽ നഗരസഭാ സെക്രട്ടറിയുടെ ചാർജ്ജ് ടി നഗരസഭയിലെ സൂപ്രണ്ടിന് നൽകിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
റീജിയണൽ ജോയിന്റ് ഡയറക്ടർ , കോഴിക്കോട്.
ശ്രീ.എം.സുഗധകുമാർ (നഗരകാര്യ ഡയറക്ടർ മുഖേന)
ചെയർമാൻ, കോട്ടയ്ക്കൽ നഗരസഭ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.